സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം

# എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

# സർട്ടിഫിക്കറ്റ് ഇൻ കേരളനടനം

## 2026 ജനുവരി സെഷൻ

## പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷനിൽ ആരംഭിക്കുന്ന **സർട്ടിഫിക്കറ്റ് ഇൻ കേരളനടനം** (CKN) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. സ്കൂൾ യുവജനോത്സവങ്ങളിൽ ഒരു സുപ്രധാന ഇനമായ കേരള നടനം വളരെയധികം ശ്രദ്ധയാകർഷിച്ചുവരുന്ന നൃത്തരൂപമാണ്. പ്രസ്തുത നൃത്തരൂപത്തെ അതിന്റെ തനത് രൂപത്തിൽ പഠിക്കുന്നതിനുള്ള ക്രമീകരണമാണ് സർട്ടിഫിക്കറ്റ് ഇൻ കേരളനടനം എന്ന പ്രോഗ്രാമിലൂടെ ഒരുക്കിയിട്ടുള്ളത്. എസ്.ആർ.സി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നടനജ്യോതി പെർഫോമിംഗ് ആർട്ട് സെന്റർ വഴിയാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം നടത്തപ്പെടുന്നത്. ആറുമാസമാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. KN001 : Introduction to Kerala Natanam
2. KN002 : Basic Principles & Elements
3. KNP01 : Practical Part I
4. KNP02 : Practical Part II

പ്രവൃത്തി ദിവസങ്ങളിലും പൊതു അവധി ദിവസങ്ങളിലും ക്രമീകരിക്കുന്ന പായോഗിക പരിശീലന ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, നേരിട്ടും ഓൺലൈനിലുമായി നടക്കുന്ന തിയറി ക്ലാസ്സുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് കേരളനടനത്തിന്റെ പഠനം ക്രമീകരിക്കുന്നത്. എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സ് പാസ്സ് അഥവാ തത്തുല്യ യോഗ്യതയാണ്. അപേക്ഷകർ 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധിയില്ല.

സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ ചേരുന്നതിനുള്ള ഫീസ് 16000/- രൂപയാണ്. അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് 16200/- രൂപയാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടക്കേണ്ടത്. https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർ കാർഡ്, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റ് എന്നിവ മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 ജനുവരി 31. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം ഡയറക്ടർ, സ്റ്റേറ്റ്

റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. അംഗീകൃത പഠനകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പഠന കേന്ദ്രത്തിന്റെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറും ചുവടെ ചേർക്കുന്നു.

| **Study Centre affiliated with SRC, Kerala for offering Certificate in Keralanatanam (CKN)** | | | |
|---|---|---|---|
| Sl. No. | District | Name of Study Centre | Contact Number |
| 1 | Thiruvananthapuram | Natanajyothi Performing Arts Center, New Castle Towers, C-Block, D-1, Ravi Nagar, Pipeline road, Ambalamukku, TVPM, Pin 695005 | 8547529075 |

**ഡയറക്ടർ**